"ഭരണഭാഷ-മാതൃഭാഷ-"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ. വി.എൻ. ജിതേന്ദ്രൻ IAS)

തിരുവനന്തപുരം

ഉത്തരവ് നം.: E7-312/2013. തീയതി: 06 -12-2013

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - ശ്രീമതി.എം.എസ്.ചിത്ര, ഹെഡ് അക്കൗണ്ടന്റ്, ശ്രീമതി.വാസന്തിയമ്മാൾ, ഹെഡ് അക്കൗണ്ടന്റ് എന്നീ ജീവനക്കാർ ഫയൽ ചെയ്ത OA No.2277/2012-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.10.2013ലെ വിധി ന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. G.O(P)No.54/2010/ സാ.ക്ഷേ.വ തീയതി: 10.8.2010.
2. സാമൂഹ്യക്ഷേമ ഡയറക്ടർ പുറപ്പെടുവിച്ച 12.5.2011ലെ E7-15508/2011(2) നം. നടപടിക്രമങ്ങൾ.
3. സാമൂഹ്യക്ഷേമ ഡയറക്ടർ പുറപ്പെടുവിച്ച 2.8.2011ലെ E7-42016/2010 നം. നടപടിക്രമങ്ങൾ.
4. സാമൂഹ്യക്ഷേമ വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 27.10.2011ലെ E7-15508/2011(1) നം. നടപടിക്രമങ്ങൾ.
5. സാമൂഹ്യക്ഷേമ ഡയറക്ടർ പുറപ്പെടുവിച്ച 29.6.2012ലെ E7-20341/2012 നം. നടപടിക്രമങ്ങൾ.
6. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 12.12.2012ലെ E7-39000/2012 നം. നടപടിക്രമങ്ങൾ.
7. 27.7.2013-ലെ 13506/A1/2012 / സാ.നീ.വ നം. കത്ത്.
8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.2277/2012ൻമേൽ പുറപ്പെടുവിച്ച 30.10.2013ലെ വിധിന്യായം.
9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.അജിത്കുമാർ മുതൽപേർ ഫയൽ ചെയ്ത OA No.1969/2012ൻമേൽ പുറപ്പെടുവിച്ച 26.09.2013ലെ വിധിന്യായം.
10. ശ്രീ.ചന്ദ്രൻ കന്നാലിയിൽ മുതൽ പേർ ഫയൽ ചെയ്ത OA No.(EKM)4/2013-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 19.2.2013ലെ വിധിന്യായം
11. GO(Rt)No.474/2013 SJD dtd.20.9.2013.
12. 31.10.2013ലെ ഇ9-37883/13- ാ ം നമ്പർ നടപടിക്രമ പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച ഗ്രേഡ് III സൂപ്രണ്ട് / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്.
13. 20.11.2013ലെ ഇ9-37883/2013 നം. സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ മണ്ണാർക്കാട് അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീമതി.എം.എസ്.ചിത്ര എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.വാസന്തി അമ്മാൾ എന്നിവർ പരാമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം കാറ്റഗറി 12ൽ ഉൾപ്പെടുന്ന സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം റെഗുലറൈസ് ചെയ്ത് സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II, സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I എന്നീ ഉയർന്ന തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA No.2277/2013-ൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 30.10.2013ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ Annexure A18 ആയുള്ള പരാമർശം (7)ലെ സർക്കാർ നിർദ്ദേശം, വിധിന്യായം കൈപ്പറ്റി 2 മാസത്തിനുള്ളിൽ നടപ്പിലാക്കുന്നതിന് ഹർജിയിലെ 2-ാം എതിർകക്ഷിയായ സാമൂഹ്യനീതി ഡയറക്ടറോട് നിർദ്ദേശിക്കുകയുണ്ടായി.

30.10.2013ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

" The applicants submit that they will be satisfied if the 2nd respondent is directed to implement annexure A18. Having regard to the facts of the case, we think the prayer as sought for can be granted.

Accordingly the original application is disposed of directing the 2nd respondent to implement Annexure A18 within two months from the date of receipt of a copy of this order."

2. വിധിന്യായം 6.11.2013 തീയതിയിൽ ഹർജിയിലെ 2-ാം എതിർകക്ഷിയായ സാമൂഹ്യനീതി ഡയറക്ടർക്കു ലഭിച്ചു. ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നീ ജീവനക്കാർ ഈ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച് യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെയാണ് പരാമർശം (1) പ്രകാരമുള്ള കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്നത്. പ്രസ്തുത വിശേഷാൽ ചട്ടത്തിൽ വനിതാക്ഷേമ സ്ഥാപനങ്ങളിൽ സ്ഥാപന മേധാവികളായി വനിതകളെ തന്നെ നിയമിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ സീനിയറായ പുരുഷജീവനക്കാരെ, മറികടന്ന് ജൂനിയറായ വനിതാ ജീവനക്കാർ നിയമിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നപക്ഷം പ്രസ്തുത നിയമനം KS &SSR Rule 9 (a)(i) പ്രകാരമുള്ള താൽക്കാലിക നിയമനം മാത്രമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഹർജിക്കാരായ ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നീ ജീവനക്കാരെ, ഇവർക്ക് മുകളിൽ സീനിയർ ആയിട്ടുള്ള ശ്രീ.ലക്ഷ്മി നാരായണൻ വരെയുള്ള പുരുഷ ജീവനക്കാരെ മറികടന്ന് കാറ്റഗറി 12ൽ ഉൾപ്പെടുന്ന സൂപ്രണ്ട് ഇൻസ്ററിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ കേരള സോഷ്യൽവെൽഫെയർ

സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 3 കാറ്റഗറി 12 കുറിപ്പ് (1)-ൽ നിഷ്കർഷിക്കുന്നതനുസരിച്ച് KS&SSR Rule 9(a)(i) പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി പരാമർശം (2)ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ.ലക്ഷ്മിനാരായണൻ എന്ന ജീവനക്കാരന് യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്ന് ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (3)ലെ ഉത്തരവിൽ തന്നെ KS&SSR Rule 9(a)(i) പ്രകാരം ഹർജിക്കാർക്ക് അനുവദിച്ചിരുന്ന താൽക്കാലിക നിയമനം, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലുള്ള ഒരു സ്ഥിരനിയമനത്തിന് പരിഗണിക്കേണ്ടതില്ലെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഹർജിക്കാർക്കും ഒഴിവുകളുടെ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് KS&SSR ചട്ടം 28 (a)(1) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ച് പരാമർശം (3)ലെ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിൽ തന്നെ ഹർജിക്കാരുടെ താൽക്കാലിക നിയമനം റദ്ദു ചെയ്യുകയും എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഹർജിക്കാരെ സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ താൽക്കാലികമായി തുടരുവാൻ അനുവദിക്കുകയുമാണുണ്ടായിട്ടുള്ളത്.

4. KS&SSR Rule 9(a)(i) പ്രകാരം സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ തികച്ചും താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള ഹർജിക്കാർക്ക് താൽക്കാലിക നിയമനം എന്ന വസ്തുത പരിഗണിക്കാതെ ശമ്പള നിർണ്ണയം നടത്തി നൽകിയ പരാമർശം (4)ലെ ഉത്തരവും ചട്ടപ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിരുന്നു. അതുപോലെതന്നെ വിശേഷാൽ ചട്ടപ്രകാരം കാറ്റഗറി 12ൽ ഇതരവിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്വാട്ടായിൽ ഉദ്യോഗക്കയറ്റം നൽകി പരാമർശം (5) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഹർജിക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III എന്ന ഔദ്യോഗിക നാമത്തിൽ കടന്നു കൂടിയത് ഇവർ പ്രസ്തുത തസ്തികയിൽ തന്നെ ഉദ്യോഗക്കയറ്റം ലഭിച്ചവരാണെന്ന ധാരണ വീണ്ടും സൃഷ്ടിക്കുന്നതിന് കാരണമാകുകയുണ്ടായി.

5. മേൽപ്രസ്താവിച്ച രണ്ട് നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ചകളുടെ ഫലമായി ഹർജിക്കാരായ ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നിവർ തങ്ങൾ KS&SSR Rule 28(a)(1) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളവരാണെന്ന വസ്തുത മനഃപൂർവ്വം മറച്ചുവെച്ച് തങ്ങൾ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ നിയമിക്കപ്പെട്ടവരാണെന്ന ധാരണ യിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗകയറ്റത്തിന് അവകാശവാദം ഉന്നയിക്കുകയുണ്ടായി. എന്നാൽ ഹർജിക്കാരെ KS&SSR Rule 28(a)(1) പ്രകാരം മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത് എന്നതിനാൽ ഹർജിക്കാരുടെ വാദം രണ്ടാം എതിർകക്ഷിയായ സാമൂഹ്യനീതി ഡയറക്ടർക്ക് സ്വീകാര്യമായിരുന്നില്ല. ആയതിനാൽ പരാമർശം (6) ലെ ഉത്തരവിലൂടെ ഹർജിക്കാരായ രണ്ടുപേരെയും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III എന്ന തസ്തികയുടെ താൽക്കാലിക ചുമതലയിൽ നിന്ന് മാറ്റി അവർക്ക് സ്ഥിര ഉദ്യോഗക്കയറ്റം നൽകിയ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമിക്കുകയുണ്ടായി.

6. ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ടാണ് ഹർജിക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനു മുമ്പാകെ OA No.2277/2012 ഫയൽ ചെയ്തത്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനു മുമ്പാകെയും ഹർജിയിലെ രണ്ടാം എതിർകക്ഷിയും നിയമനാധികാരിയുമായ സാമൂഹ്യനീതി ഡയറക്ടർ ഹർജിക്കാരെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ സ്ഥിരനിയമനം നൽകി നിയമിച്ചിട്ടില്ലെന്നും ഭരണപരമായ സൗകര്യാർത്ഥം ഇവരെ പ്രസ്തുത തസ്തികയിൽ തുടരുവാൻ അനുവദിക്കുക മാത്രമേ ഉണ്ടായിട്ടുള്ളുവെന്നും ആയതിനാൽ സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ റെഗുലറൈസ് ചെയ്ത് സൂപ്രണ്ട് ഗ്രേഡ് II, സൂപ്രണ്ട് ഗ്രേഡ്-I എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകണമെന്ന ഹർജിക്കാരുടെ ആവശ്യം അംഗീകരിക്കത്തക്കതല്ലെന്ന നിലപാടാണ് സത്യവാങ്മൂലത്തിലൂടെ സ്വീകരിച്ചത്. ഇതിനിടയിൽ വിഷയം സർക്കാർതലത്തിൽ പരിഗണിക്കപ്പെടുകയും പരാമർശം (1)ലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം നടത്തേണ്ട ഉദ്യോഗക്കയറ്റങ്ങൾ / പുനഃക്രമീകരണങ്ങളെക്കുറിച്ച് പരാമർശം (7) പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകുകയുണ്ടായി. ആയതിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"(i) വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയും ഹെഡ് അക്കൗണ്ടന്റ് തസ്തികയും ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ പ്രകാരം പരസ്പരം മാറാവുന്നവയല്ലാത്തതിനാൽ 10.8.2010 തീയതിയിൽ ടി തസ്തികയിലുണ്ടായിരുന്ന ജീവനക്കാരെ അതാത് തസ്തികകളിൽ നിലനിർത്തിക്കൊണ്ട് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ഓരോ തസ്തികയിലേയ്ക്കും ടി തീയതി വെച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പിന്നീട് ഉണ്ടായ ഒഴിവുകളിലേയ്ക്ക് കേഡർ സ്ട്രെങ്ത്തിൽ ഫീഡർ കാറ്റഗറികളുടെ റേഷ്യോ കൃത്യമായും പാലിച്ച് ഉദ്യോഗക്കയറ്റം നൽകിയും ക്രമീകരിക്കുക.

(ii) വിശേഷാൽ ചട്ടത്തിനനുസൃതമായി പ്രൊമോഷൻ നൽകിക്കഴിഞ്ഞ ജീവനക്കാർ അവരുടെ ആദ്യ ചാനലിലേയ്ക്ക് മടങ്ങിപ്പോകുവാൻ താൽപര്യപ്പെടുന്ന പക്ഷം മാത്രമേ (വിശേഷാൽ ചട്ടങ്ങളിൽ ഓപ്ഷൻ വാങ്ങണമെന്ന് വ്യക്തമായി സൂചിപ്പിക്കപ്പെട്ട തസ്തികകൾ ഒഴികെ) വിശേഷാൽ ചട്ടത്തിലെ ചട്ടം 13 പ്രകാരം ഓപ്ഷന് അവസരം നൽകേണ്ടതുള്ളു. ആയതിനാൽ പ്രസ്തുത ചട്ടം തെറ്റായി വ്യാഖ്യാനിച്ച് പ്രൊമോഷൻ ലഭിച്ചവർക്കെതിരെ അവരുടെ ഓപ്ഷൻ ലഭിച്ചില്ല എന്ന സ്ഥിതിയിൽ നടപടികളെടുക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ശ്രീമതി.ചിത്ര.എം.എസ്, ശ്രീമതി.വാസന്തി അമ്മാൾ എന്നിവരെ 2.8.2011ലെ E7-42016/2010 നടപടിക്രമം പ്രകാരം ഉദ്യോഗക്കറ്റം നൽകിയ തസ്തികയിൽ റഗുലറൈസ് ചെയ്യേണ്ടതും തുടർന്നുള്ള ചാനലിൽ ക്രമപ്രകാരം ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കേണ്ടതുമാണ്."

7. ഹർജിക്കാർ Annexure A18 ആയി ഹാജരാക്കിയ പരാമർശം (7)ലെ സർക്കാർ സ്പഷ്ടീകരണം പ്രാവർത്തികമാക്കണമെന്ന നിർദ്ദേശം നൽകിയാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഹർജി തീർപ്പ് കൽപ്പിച്ച് 30.10.2013ൽ ഉത്തരവായിട്ടുള്ളത്.

8. ഹർജിയിലെ 2- ാം എതിർകക്ഷിയും നിയമനാധികാരിയുമായ സാമൂഹ്യനീതി ഡയറക്ടർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (8)ലെ ഉത്തരവും പരാമർശം (7)ലെ സർക്കാർ കത്തും മറ്റ് പരാമർശിത ഉത്തരവുകളും വിശദമായി പരിശോധിക്കുകയുണ്ടായി. Annexure A18 ആയി ഹാജരാക്കിയിട്ടുള്ള പരാമർശം (7)ലെ ഖണ്ഡിക 1(i)ലെ നിർദ്ദേശാനുസരണം 10.8.2010 തീയതിയിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ഹെഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ അതാത് തസ്തികയിൽ നിലനിർത്തിക്കൊണ്ട് ടി തീയതിവെച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ഇന്റേണൽ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (7)-ലെ നിർദ്ദേശങ്ങൾക്കനുസരണമായി ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ച് കൊണ്ട് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (12) പ്രകാരം പുറപ്പെടുവിച്ച ഗ്രേഡ് III സൂപ്രണ്ട് / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ, 10.08.2010ൽ വിശേഷാൽ ചട്ടം നിലവിൽ വന്നപ്പോൾ അന്ന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരെ ടി ലിസ്റ്റിൽ പരിഗണിച്ചില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ / സൂപ്രണ്ട് ഗ്രേഡ് III താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്ത് പരാമർശം (13) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

9. കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അജിത്കുമാർ.റ്റി മുതൽ മൂന്നുപേർ ചേർന്ന് ഫയൽ ചെയ്ത OA No.1969/2012-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (9)ലെ വിധിന്യായത്തിൽ വിശേഷാൽ ചട്ടത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ നിജപ്പെടുത്തിയിട്ടുള്ള റേഷ്യോ പ്രകാരം ഉദ്യോഗക്കയറ്റം നൽകണമെന്നും ഏതെങ്കിലും ഫിഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ റേഷ്യോ മറികടന്ന് നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് റിവർഷൻ മുഖേന ക്രമീകരിച്ച് അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകണമെന്നും ഉത്തരവായിട്ടുണ്ട്.

10. ശ്രീ.ചന്ദ്രൻ കന്നാലിയിൽ മുതൽ പേർ ഫയൽ ചെയ്ത OA No.(EKM)4/2013-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (10)ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 20.9.2013ലെ പരാമർശം (11)ലെ ഉത്തരവിൽ 10.8.2010ന് ശേഷം വിശേഷാൽ ചട്ടം കാറ്റഗറി 12ലേയ്ക്ക് നടത്തിയ ഉദ്യോഗക്കയറ്റങ്ങൾ ചട്ടങ്ങൾക്കനുസൃതമായി പുനഃപരിശോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

11. Annexure A18 ആയി ഹാജരാക്കിയിട്ടുള്ള പരാമർശം (7)ലെ ഖണ്ഡിക 1(ii)-ന്റെ അടിസ്ഥാനത്തിലും മറ്റ് പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഹർജിക്കാരെ ഗ്രേഡ് III സൂപ്രണ്ട് തസ്തികയിൽ റെഗുലറൈസ് ചെയ്ത് ഉദ്യോഗക്കയറ്റം നൽകണമെന്ന വാദം വിശദമായി പരിശോധിച്ച് താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

"വിശേഷാൽ ചട്ടത്തിനുസൃതമായി യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്ന് കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ കാറ്റഗറി 12ൽ ഉൾപ്പെടുന്ന ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III / ഇൻസ്പെക്ടർ ചൈൽഡ് വെൽഫെയർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ജീവനക്കാരുടെ ഓപ്ഷൻ ആവശ്യമില്ലായെങ്കിലും ഹർജിക്കാരായ ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നിവരെ KS&SSR Rule 9(a)(i) പ്രകാരം താൽക്കാലികമായിട്ടുമാത്രമേ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ നിയമിച്ചിട്ടുള്ളുവെന്നും ഹർജിക്കാരായ ജീവനക്കാർക്ക് റെഗുലർ ഉദ്യോഗക്കയറ്റം KS&SSR Rule 28(a)(1) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിരിക്കുന്നു. ഹർജിക്കാരായ രണ്ടുപേരെയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ തുടർന്നും സേവനമനുഷ്ഠിക്കുവാൻ അനുവദിച്ചത് വിശേഷാൽ ചട്ടത്തിന് എതിരാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു. വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010ൽ കാറ്റഗറി 12ൽ ഉൾപ്പെടുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് 21 ജീവനക്കാർ സേവനമനുഷ്ഠിച്ചുവരവെ ഹെഡ് അക്കൗണ്ടൻറ് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ഹർജിക്കാർക്ക് കൂടി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ഠിക്കുവാൻ അനുവദിച്ചത് വിശേഷാൽ ചട്ടപ്രകാരം ഇതരവിഭാഗം ജീവനക്കാരുടെ അർഹമായ ഉദ്യോഗക്കയറ്റ സാധ്യതകൾക്ക് തടസ്സമായിട്ടുണ്ടെന്നും ബോധ്യപ്പെട്ടിരിക്കുന്നു. പരാമർശം (7)ലെ സ്പഷ്ടീകരണത്തിലെ ഖണ്ഡിക (1)ൽ വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയും ഹെഡ് അക്കൗണ്ടന്റ് തസ്തികയും ബന്ധപ്പെട്ട വിശേഷാൽ ചട്ട പ്രകാരം പരസ്പരം മാറാവുന്നതല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതുപോലെ തന്നെ ഹെഡ് അക്കൗണ്ടന്റ് തസ്തികയും, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയും ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ പ്രകാരം പരസ്പരം മാറ്റാവുന്നതല്ല. മേൽസാഹചര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) മുതൽ (9) വരെയുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പരാമർശം (7)ലെ സർക്കാർ സ്പഷ്ടീകരണത്തിൽ ഖണ്ഡിക (2)ൽ വിശദമാക്കിയതു പ്രകാരവും 2.8.2011ലെ ഇ7-42016/10 നമ്പർ നടപടിക്രമ പ്രകാരം ഹർജിക്കാരായ ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നിവരെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമിച്ച നടപടി ശരിവച്ചുകൊണ്ടും ടിയാളുകളെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ റെഗുലറൈസ് ചെയ്തും വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഓപ്ഷൻ തരുന്ന പക്ഷം കേരളാ സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് വിശേഷാൽ ചട്ടം 3 കാറ്റഗറി 5 കുറിപ്പ് (3) പ്രകാരം തുടർന്ന് പരിഗണിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു."

12. മേൽ ഉത്തരവിന്റെ ഭാഗമായി വിശേഷാൽ ചട്ടപ്രകാരം KS&SSR Rule 9(a)(i) പ്രകാരം സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ പരാമർശം (2) പ്രകാരം താൽക്കാലികമായി നിയമിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം ഹർജിക്കാർക്ക് ശമ്പളനിർണ്ണയം നടത്തി നൽകിയ നടപടി പുന:പരിശോധിക്കുവാനും ഇതിനാൽ ഉത്തരവാകുന്നു. ഹർജിക്കാർ ശമ്പളനിർണ്ണയം വഴി അധിക തുക

കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരികെ ഈടാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിലെ ബന്ധപ്പെട്ട സെക്ഷന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (5) ഉത്തരവിലെ KS&SSR Rule 31(a)(1) പ്രകാരം ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നിവർക്ക് ഗ്രേഡ് III സൂപ്രണ്ടായി നൽകിയ താൽക്കാലിക പ്രൊമോഷൻ റദ്ദ് ചെയ്ത് കൊണ്ടും മേൽ ഭേദഗതികളോടെ പരാമർശം (5) ഉത്തരവ് നിലനിൽക്കുന്നതാണെന്നും ഉത്തരവാകുന്നു,

13. ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായിട്ടും സ്വയംവിശദീകരണാത്മകവുമാണെന്ന് ഉറപ്പ് വരുത്തിമാത്രമേ പുറപ്പെടുവിക്കുവാൻ പാടുള്ളു എന്ന് സാമൂഹ്യനീതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് നിർദ്ദേശം നൽകി പരാമർശം (8)ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം ഈ ഉത്തരവിലൂടെ പ്രാവർത്തികമാക്കിയിരിക്കുന്നു.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

1. ശ്രീമതി.എം.എസ്.ചിത്ര,
   ഹെഡ് അക്കൗണ്ടന്റ്, ICDS പ്രോജക്ട് ഓഫീസ്,
   മണ്ണാർക്കാട് അഡീഷണൽ. (Regd. with AD) (കാര്യാലയമേധേവി മുഖേന)

2. ശ്രീമതി.വാസന്തി അമ്മാൾ
   ഹെഡ് അക്കൗണ്ടന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്,
   എറണാകുളം (Regd. with AD) (കാര്യാലയമേധേവി മുഖേന)

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
3. E1 മുതൽ E13 വരെ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

N. Radhakrishnan
**സൂപ്രണ്ട്**

DB/2013/312-13(copy)